## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

### നഗരസഭകൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനുകൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1719. 08.06.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഭൂമി സംബന്ധിച്ച് നഗരസഭകൾ തയ്യാറാക്കിയ മാസ്റ്റർപ്ലാനിലെ പിശകുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 'മാസ്റ്റർ പ്ലാനുകളുടെയും വിശദനഗരാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ സ്കീമിൽ തയ്യാറാക്കിയ ചുരുക്കം ചില മാസ്റ്റർ പ്ലാനുകളിൽ പിശക വന്നിട്ടുണ്ടെന്ന് കാണിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | മാസ്റ്റർപ്ലാനിൽ തിരുത്തൽ വരുത്തുന്നതിനു വേണ്ടിയുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | (ബി) | കേരള നഗരഗ്രാമാസൂത്രണ ആക്റ്റ് 2016-ന്റെ സെക്ഷൻ 50 (1) പ്രകാരം, അംഗീകൃത മാസ്റ്റർ പ്ലാനുകളിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനമാണ്. എന്നാൽ പ്രസ്തുത ആക്റ്റിന്റെ സെക്ഷൻ 50 (3) പ്രകാരം, അനിവാര്യമെന്ന് ബോധ്യമുള്ള പക്ഷം ഗസറ്റ് വിജ്ഞാപനം വഴി മാസ്റ്റർ പ്ലാനിൽ എന്തു മാറ്റവും വരുത്താൻ സർക്കാരിന് അധികാരമുണ്ട്. ഇതിനായി, വിജ്ഞാപനത്തിന്റെ കരട് പ്രസിദ്ധീകരിക്കേണ്ടതും ഇത് സംബന്ധിച്ച് ലഭിക്കുന്ന ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിക്കേണ്ടതും സർക്കാരിന് യുക്തമെന്നു കരുതുന്ന പരിഷ്കരണം വരുത്താവുന്നതുമാണ്. ഇത്തരത്തിൽ ചില അപേക്ഷകളിൽ അംഗീകൃത മാസ്റ്റർ പ്ലാനിൽ അനിവാര്യമായ ഭേദഗതി വരുത്തുന്നതിന്, കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന്റെ സെക്ഷൻ 50 (3) പ്രകാരം ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം സ്വീകരിക്കേണ്ട നടപടികൾ കൈക്കൊള്ളുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>റദ്ദാക്കപ്പെട്ട നഗരഗ്രാമാസൂത്രണ ആക്റ്റുകൾക്ക് |

| | | | |
|---|---|---|---|
| | | | കീഴിൽ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൽ പരിഷ്കരണം വരുത്തുന്നതിന് സർക്കാർ കമ്മിറ്റി രൂപീകരിക്കുകയും ഇതിനായി വിശദമായ മാർഗ്ഗ-നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. ഇതിനായി നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിന് കീഴിൽ പ്രസി-ദ്ധീകരിച്ച മാസ്റ്റർ പ്ലാനുകളിലെ ഇടക്കാല വികസനങ്ങൾ നിയന്ത്രിക്കുന്നതിനായി സർക്കാരിന് ആക്റ്റിന്റെ 63-)ം വകുപ്പ് പ്രകാരം ഇടക്കാല വികസന ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ